**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6721** **11-07-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഡി.ഇ.ഒ. ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഡി.ഇ.ഒ. ഓഫീസ് നടക്കാവിൽ പണികഴിപ്പിച്ച പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കോഴിക്കോട് മാനാഞ്ചിറ വെള്ളിമാട്കുന്ന് റോഡ് വികസന പദ്ധതിയുടെ ഭാഗമായി മാനാഞ്ചിറയിൽ സ്ഥിതി ചെയ്യുന്ന കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ ഭൂരിഭാഗവും പൊളിച്ചു നീക്കേണ്ടതിനാൽ ഓഫീസ് സംവിധാനം നടക്കാവ് ജി.ടി.ടി.ഐ (വനിത) പ്രവർത്തി ക്കുന്ന കോമ്പൗണ്ടിലെ പഴയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ്, സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര എന്നിവരുടെ മേൽ നോട്ടത്തിൽ നടന്നു വരുന്നു. കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഭാഗികമായി മാത്രമാണ് പൂർത്തിയായിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് എപ്പോൾ മാറ്റുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; ആയതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; | (ബി) | പ്രസ്തുത ഓഫീസ് 26/05/2024-ന് നടക്കാവ് ജി.ടി.ടി.ഐ (വനിത) കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ട് |
| (സി) | നിലവിലുള്ള ഡി.ഇ.ഒ. ഓഫീസ് കെട്ടിടം പൊളിച്ച് നീക്കുന്നതിന് നോട്ടീസ് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | കേരള റോഡ് ഫണ്ട് ബോർഡിൽ നിന്നുള്ള നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ